**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2475** **06-10-2025-ൽ മറുപടിയ്ക്ക്**

**<u>പാർട്ട് ബില്ലുകൾ മാറുന്നതിനുള്ള കാലതാമസം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികളുടെ പാർട്ട് ബില്ലുകൾ മാറി നല്കാൻ വിവിധ കാരണങ്ങളാൽ വൈകുന്നതു കാരണം പ്രവൃത്തികൾ തടസ്സപ്പെടുന്നത് ഒഴിവാക്കാൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ബഡ്ജറ്റിൽ 20% തുക വകയിരുത്തിട്ടുള്ളതിൽ വിവിധ മരാമത്ത് വകുപ്പുകൾ മുഖേന നടത്തിവരുന്ന പ്രവൃത്തികളുടെ പാർട്ട് ബില്ലുകൾ സംസ്ഥാന തല മുൻഗണന ക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. കൂടാതെ കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ് സംവിധാനവും നിലവിലുണ്ട്

**(ബി)** പൊതുമരാമത്ത് വകുപ്പ് ഒഴികെയുള്ള മറ്റു വകുപ്പുകളുടെ പ്രസ്തുത ബില്ലുകൾ ധനവകുപ്പിൽ എത്തുമ്പോൾ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പൊതുമരാമത്ത് വകുപ്പൊഴികെയുള്ള മറ്റു വകുപ്പുകളുടെ പ്രസ്തുത ബില്ലുകൾ ധനവകുപ്പിൽ എത്തുമ്പോൾ ബിഡിഎസ് സംവിധാനം വഴി അതാത് മാസങ്ങളിൽ തന്നെ ബിൽ ഡിസ്കൗണ്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിനാൽ കരാറുകാർക്ക് ബില്ലുകൾ ധനവകുപ്പിൽ വരുന്ന മുറയ്ക്ക് തന്നെ ടി സംവിധാനം വഴി മാറാൻ സാധിക്കുന്നതാണ്. 20% തുക വകയിരുത്തിയിട്ടുള്ള ബില്ലുകളും ഇപ്രകാരം മാറി നൽകി വരുന്നതിനാൽ ബില്ലുകൾ കൈവശം വച്ച് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** ഇത്തരത്തിൽ 20% തുക വകയിരുത്തിയിട്ടുള്ള എത്ര ബില്ലുകളാണ് ധനവകുപ്പിന്റെ കൈവശമുള്ളതെന്നും പ്രസ്തുത ബില്ലുകൾ മാറി നൽകുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പൊതുമരാമത്ത് വകുപ്പൊഴികെയുള്ള മറ്റു വകുപ്പുകളുടെ പ്രസ്തുത ബില്ലുകൾ ധനവകുപ്പിൽ എത്തുമ്പോൾ ബിഡിഎസ് സംവിധാനം വഴി അതാത് മാസങ്ങളിൽ തന്നെ ബിൽ ഡിസ്കൗണ്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിനാൽ കരാറുകാർക്ക് ബില്ലുകൾ ധനവകുപ്പിൽ വരുന്ന മുറയ്ക്ക് തന്നെ ടി സംവിധാനം വഴി മാറാൻ സാധിക്കുന്നതാണ്. 20% തുക വകയിരുത്തിയിട്ടുള്ള

ബില്ലുകളും ഇപ്രകാരം മാറി നൽകി വരുന്നതിനാൽ ബില്ലുകൾ കൈവശം വച്ച് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**